| 05–04–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– അച്ഛനെ സ്നേഹത്തോടെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സംതൃപ്തരാകും, ദൃഷ്ടിയിലൂടെ സായൂജ്യമടയുക അർത്ഥം വിശ്വത്തിന്റെ അധികാരിയായി മാറുക.**

**ചോദ്യം–** സ്വാമി സദ്ഗുരു ദൃഷ്ടിയിലൂടെ സായൂജ്യം കൊള്ളിച്ചു............. ഇതിന്റെ വാസ്തവിക അർത്ഥം എന്താണ്?

**ഉത്തരം–** ആത്മാവിന് എപ്പോഴാണോ അച്ഛനിലൂടെ മൂന്നാമത്തെ നേത്രം ലഭിക്കുന്നത് പിന്നീട് ആ നേത്രത്തിലൂടെ അച്ഛനെ തിരിച്ചറിയുന്നത് അപ്പോൾ സായൂജ്യമടയുന്നു അർത്ഥം സദ്ഗതി ലഭിക്കുന്നു. ബാബ പറയുന്നു– കുട്ടികളേ– ദേഹീ അഭിമാനിയായി നിങ്ങൾ എന്നിൽ ദൃഷ്ടിവെക്കൂ അർത്ഥം എന്നെ ഓർമ്മിക്കു, മറ്റു സംഗങ്ങളെല്ലാം ഉപേക്ഷിച്ച് എന്നോട് മാത്രം കൂട്ട്കൂടൂ എങ്കിൽ അസ്വസ്ഥർ അഥവാ പാപ്പരിൽ നിന്നും നിങ്ങൾ സംതൃപ്തർ അർത്ഥം ധനികരായി മാറും.

**ഓംശാന്തി.** മധുര മധുരമായ ആത്മീയ കുട്ടികൾ ആരുടെ അടുത്തേയ്ക്കാണ് വരുന്നത്? ആത്മീയ അച്ഛന്റെ അടുത്തേയ്ക്ക്. ഞങ്ങൾ ശിവബാബയുടെ അടുത്തേയ്ക്ക് പോവുകയാണ് എന്ന് മനസ്സിലാക്കുന്നു. ശിവബാബ എല്ലാ ആത്മാക്കളുടേയും അച്ഛനാണ് എന്നതും അറിയാം. ബാബ സുപ്രീം ടീച്ചറുമാണ്, സുപ്രീം ഗുരുവുമാണ് ഈ നിശ്ചയവും കുട്ടികൾക്ക് വേണം. സുപ്രീം എന്നാൽ പരമം. ആ ഒരാളെത്തന്നെയാണ് ഓർമ്മിക്കുന്നത്. ദൃഷ്ടിയിലേയ്ക്ക് നോക്കിക്കൊണ്ടിരിക്കുന്നു. ഗുരുസ്വാമി ദൃഷ്ടിയിലൂടെ സംതൃപ്തനാക്കി എന്ന് പാട്ടുമുണ്ട്. അതിന് അർത്ഥമുണ്ടാകും. ദൃഷ്ടികൊണ്ട് ആരെ സംതൃപ്തരാക്കി? തീർച്ചയായും മുഴുവൻ ലോകത്തിന്റേയും കാര്യമായിരിക്കും പറഞ്ഞിരിക്കുക എന്തെന്നാൽ സർവ്വരുടേയും സദ്ഗതി ദാതാവാണ്. സർവ്വരേയും ഈ പതിത ലോകത്തിൽ നിന്നും തിരികെക്കൊണ്ടുപോകുന്നയാളാണ്. ഇപ്പോൾ ആരുടെ ദൃഷ്ടിയാണ്? എന്താ ഈ കണ്ണുകളാണോ? അല്ല, ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിക്കുന്നു. ഇതിലൂടെ ആത്മാവ് മനസ്സിലാക്കും ഇത് നമ്മൾ എല്ലാ ആത്മാക്കളുടേയും അച്ഛനാണ്. അച്ഛൻ ആത്മാക്കൾക്ക് വഴി പറഞ്ഞുതരികയാണ് അതായത് എന്നെ ഓർമ്മിക്കൂ. അച്ഛൻ ആത്മാക്കൾക്ക് മനസ്സിലാക്കിത്തരുകയാണ്. ആത്മാക്കൾ തന്നെയാണ് പതിതവും തമോപ്രധാനവുമായി മാറിയിരിക്കുന്നത്. ഇപ്പോൾ ഇത് നിങ്ങളുടെ എൺപത്തിനാലാം ജന്മമാണ്, ഈ നാടകം പൂർണ്ണമാവുകയാണ്. തീർച്ചയായും പൂർത്തിയാവണം. ഓരോ കല്പവും പഴയലോകത്തിൽ നിന്നും പുതിയതാകുന്നു. പുതിയത് പിന്നീട് പഴയതാകുന്നു. പേരും വേറെയാണ്. പുതിയ ലോകത്തിന്റെ പേര് സത്യയുഗം എന്നാണ്. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആദ്യം നിങ്ങൾ സത്യയുഗത്തിലായിരുന്നു, പിന്നീട് പുനർജന്മങ്ങൾ എടുത്ത് 84 ജന്മങ്ങൾ കഴിഞ്ഞുപോയി. ഇപ്പോൾ നിങ്ങളുടെ ആത്മാവ് തമോപ്രധാനമായിരിക്കുന്നു. അച്ഛനെ ഓർമ്മിക്കുകയാണെങ്കിൽ സംതൃപ്തരാകും. അച്ഛൻ സന്മുഖത്ത് പറയുന്നു എന്നെ ഓർമ്മിക്കൂ, ഞാൻ ആരാണ്? പരമപിതാ പരമാത്മാവ്. അച്ഛൻ പറയുന്നു– കുട്ടികളേ, ദേഹീ അഭിമാനിയാകൂ, ദേഹത്തിന്റെ അഭിമാനമുള്ളവരാകരുത്. ആത്മാഭിമാനിയായി മാറി നിങ്ങൾ എന്നിൽ ദൃഷ്ടി വെയ്ക്കൂ എങ്കിൽ സംതൃപ്തരാകും. അച്ഛനെ ഓർമ്മിച്ചുകൊണ്ടിരിക്കൂ, ഇതിൽ ഒരു ബുദ്ധിമുട്ടുമില്ല. ആത്മാവുതന്നെയാണ് പഠിക്കുന്നത്, പാർട്ട് അഭിനയിക്കുന്നത്. എത്ര ചെറുതാണ്. എപ്പോൾ ഇവിടേയ്ക്ക് വരുന്നുവോ അപ്പോൾ 84 ജന്മങ്ങളുടെ പാർട്ട് അഭിനയിക്കുന്നു. പിന്നീട് അതേ പാർട്ടാണ് ആവർത്തിക്കേണ്ടത്. 84 ജന്മങ്ങളുടെ പാർട്ട് അഭിനയിച്ച് ആത്മാവ് പതിതമായിരിക്കുന്നു. ഇപ്പോൾ ആത്മാവിൽ ഒട്ടും ശക്തിയില്ല. ഇപ്പോൾ ആത്മാവ് സംതൃപ്തമല്ല പകരം അസ്വസ്ഥം അഥവാ ദരിദ്രമാണ്. ഇനി വീണ്ടും എങ്ങനെ സംതൃപ്തരാകും? ഈ വാക്ക് ഭക്തിമാർഗ്ഗത്തിലേതാണ്, ഇതുപയോഗിച്ച് ബാബ മനസ്സിലാക്കിത്തരുകയാണ്. വേദം, ശാസ്ത്രം, ചിത്രങ്ങൾ എന്നിവയെക്കുറിച്ചും മനസ്സിലാക്കിത്തരുന്നു. നിങ്ങൾ ഈ ചിത്രങ്ങൾ ശ്രീമതം അനുസരിച്ച് നിർമ്മിച്ചതാണ്. ആസുരീയ മതപ്രകാരം അനേകം ചിത്രങ്ങളുണ്ട്. അത് കല്ലും മണ്ണും കൊണ്ടുള്ളതാണ്. അതിന് ഒരു കർത്തവ്യവുമില്ല. ഇവിടെ അച്ഛനാണെങ്കിൽ വന്ന് കുട്ടികളെ പഠിപ്പിക്കുന്നു. ഭഗവാന്റെ വാക്കുകളാണ് എങ്കിൽ ഇത് ജ്ഞാനമായില്ലേ. വിദ്യാർത്ഥികൾക്ക് അറിയാം ഇത് ഇന്ന ടീച്ചറാണെന്ന്. ഇവിടെ നിങ്ങൾ കുട്ടികൾക്ക് അറിയാം പരിധിയില്ലാത്ത അച്ഛൻ വന്ന് ഒരേ ഒരു തവണയാണ് ഇങ്ങനെയുള്ള അത്ഭുതകരമായ പഠിപ്പ് പഠിപ്പിക്കുന്നത്. ഈ പഠിപ്പും ആ പഠിപ്പും തമ്മിൽ രാപ്പകലിന്റെ വ്യത്യാസമുണ്ട്. ആ പഠിപ്പ് പഠിച്ച് പഠിച്ച് രാത്രിയാവുന്നു, ഈ പഠിപ്പിലൂടെ പകലിലെത്തുന്നു. ആ പഠിപ്പ് ജന്മ ജന്മാന്തരം പഠിച്ചുവന്നതാണ്. ഇതിലാണെങ്കിൽ ബാബ വളരെ വ്യക്തമായി പറഞ്ഞുതരുന്നു ആത്മാവ് എപ്പോഴാണോ പവിത്രമാകുന്നത് അപ്പോൾ ധാരണയാകും. സിംഹിണിയുടെ പാല് സ്വർണ്ണപാത്രത്തിലേ ഇരിക്കൂ എന്ന് പറയാറുണ്ട്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്, നമ്മൾ ഇപ്പോൾ സ്വർണ്ണപാത്രമായി മാറുകയാണ്.

മനുഷ്യർ തന്നെയാണ് പക്ഷേ ആത്മാവിനെ സമ്പൂർണ്ണ പവിത്രമാക്കി മാറ്റണം. 24 ക്യാരറ്റായിരുന്നു ഇപ്പോൾ 9 ക്യാരറ്റിന്റേതായി. തെളിഞ്ഞിരുന്ന ആത്മാവിന്റെ ജ്യോതി ഇപ്പോൾ അണഞ്ഞിരിക്കുകയാണ്. ജ്യോതി തെളിഞ്ഞിരിക്കുന്നവരും, ജ്യോതി അണഞ്ഞിരിക്കുന്നവരും തമ്മിൽ വ്യത്യാസമുണ്ട്. ജ്യോതി എങ്ങനെയാണ് തെളിഞ്ഞത് അതുപോലെ പദവി എങ്ങനെയാണ് നേടിയത്– ഇത് അച്ഛനാണ് മനസ്സിലാക്കിത്തരുന്നത്. അച്ഛൻ പറയുന്നു എന്നെ ഓർമ്മിക്കു. എന്നെ നന്നായി ഒർമ്മിക്കുന്നത് ആരാണോ അവരെ ഞാനും നല്ലരീതിയിൽ ഓർമ്മിക്കും. ഇതും കുട്ടികൾക്ക് അറിയാം ദൃഷ്ടികൊണ്ട് സംതൃപ്തനാക്കുന്ന സ്വാമി ഒരേ ഒരു ബാബതന്നെയാണ്. ബ്രഹ്മാവിന്റെ ആത്മാവും സംതൃപ്തനാവുന്നു. നിങ്ങൾ എല്ലാവരും ശലഭങ്ങളാണ്, ബാബയെ പ്രകാശം എന്നാണ് പറയുന്നത്. ചില ശലഭങ്ങൾ കേവലം വലംവെയ്ക്കുന്നത് മാത്രമാണ്. ചിലർ നല്ലരീതിയിൽ മനസ്സിലാക്കിയാൽ ജീവിച്ചിരിക്കെ മരിക്കുന്നു. ചിലർ വലംവെച്ച് തിരിച്ചുപോകുന്നു, പിന്നീട് എപ്പോഴെങ്കിലുമൊക്കെ വരുന്നു, എന്നിട്ട് വീണ്ടും പോകുന്നു. ഈ സംഗമത്തെക്കുറിച്ചാണ് മുഴുവൻ പാട്ടും. ഈ സമയത്ത് എന്തെല്ലാം സംഭവിക്കുന്നുണ്ടോ അതാണ് ശാസ്ത്രമാകുന്നത്. ബാബ ഒരേ ഒരു തവണയാണ് വന്ന് സമ്പത്ത് നൽകിയിട്ട് പോകുന്നത്. പരിധിയില്ലാത്ത അച്ഛൻ തീർച്ചയായും പരിധിയില്ലാത്ത സമ്പത്ത് നൽകും. 21 തലമുറയുടെ പാട്ടുമുണ്ട്. സത്യയുഗത്തിൽ സമ്പത്ത് നൽകുന്നത് ആരാണ്? രചയിതാവായ ഭഗവാൻ തന്നെയാണ് രചനയ്ക്ക് അരകല്പത്തിലേയ്ക്കുള്ള സമ്പത്ത് നൽകുന്നത്. എല്ലാവരും ഓർമ്മിക്കേണ്ടതും ബാബയെത്തന്നെയാണ്. ബാബ അച്ഛനുമാണ്, ടീച്ചറുമാണ്, സ്വാമി സദ്ഗുരുവുമാണ്. നിങ്ങൾ മറ്റാരെയെങ്കിലും സ്വാമി സദ്ഗുരു എന്ന് വിളിച്ചിട്ടുണ്ടാകും. പക്ഷേ സത്യം ഒരേ ഒരു ബാബയാണ്. സത്യം എന്ന് എപ്പോഴും ബാബയെയാണ് പറയുന്നത്. സത്യമായ ബാബ വന്ന് എന്താണ് ചെയ്യുന്നത്? മുഴുവൻ ലോകത്തേയും സത്യഖണ്ഢമാക്കുന്നത് ബാബ തന്നെയാണ്. സത്യഖണ്ഢത്തിനുവേണ്ടിയാണ് നമ്മൾ പുരുഷാർത്ഥം ചെയ്യുന്നത്. സത്യഖണ്ഢമുണ്ടായിരുന്നപ്പോൾ മറ്റൊരു ഖണ്ഢവും ഉണ്ടായിരുന്നില്ല. ബാക്കിയുള്ളതെല്ലാം പിന്നാലെ വരുന്നതാണ്. സത്യഖണ്ഢത്തെ ആർക്കും അറിയില്ല. ബാക്കി ഏതെല്ലാം ഖണ്ഢങ്ങൾ ഇപ്പോഴുണ്ടോ അതിനെയെല്ലാം എല്ലാവർക്കും അറിയാം. തന്റെ ധർമ്മത്തിന്റെ സ്ഥാപകരേയും അറിയാം. ബാക്കി സൂര്യവംശീ, ചന്ദ്രവംശീ, ഒപ്പം ഈ സംഗമയുഗീ ബ്രാഹ്മണ കുലത്തേയും ആരും അറിയുന്നില്ല. പ്രജാപിതാ ബ്രഹ്മാവിനെ അംഗീകരിക്കുന്നു, പറയുന്നു നമ്മൾ ബ്രാഹ്മണർ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്, പക്ഷേ അവർ കുഖവംശാവലിയാണ്, നിങ്ങളാണ് മുഖവംശാവലികൾ. അവർ അപവിത്രമാണ്, നിങ്ങൾ മുഖവംശാവലികൾ പവിത്രമാണ്. നിങ്ങൾ മുഖവംശാവലിയായി മാറി പിന്നീട് ഈ മോശമായ രാവണരാജ്യത്തിൽ നിന്നും പോകുന്നു. അവിടെ രാവണരാജ്യം ഉണ്ടാകില്ല. ഇപ്പോൾ നിങ്ങൾ പോകുന്നത് പുതിയ ലോകത്തിലേയ്ക്കാണ്. അതിനെയാണ് നിർവ്വികാരി ലോകം എന്ന് പറയുന്നത്. ലോകം തന്നെയാണ് പഴയതും പുതിയതുമാകുന്നത്. എങ്ങനെയാണ് ആകുന്നത് ഇത് നിങ്ങൾ അറിഞ്ഞുകഴിഞ്ഞു. മറ്റ് ആരുടേയും ബുദ്ധിയിൽ ഇതില്ല. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യങ്ങൾ ആർക്കും അറിയാനും സാധിക്കില്ല. ഇത് കുറച്ച് സമയത്തിന്റെ കാര്യമാണ്. ഇത് അച്ഛനിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. എപ്പോൾ പ്രധാനമായും ഭാരതത്തിൽ ധർമ്മഗ്ലാനി ഉണ്ടാകുന്നുവോ അപ്പോഴാണ് ഞാൻ വരുന്നത്. നിരാകാരനായ പരമാത്മാവ് ആരാണ് എന്നത് മറ്റ് സ്ഥാനങ്ങളിലുള്ളവർക്ക് അറിയില്ല. വലിയ വലിയ ലിംഗങ്ങൾ ഉണ്ടാക്കിവെയ്ക്കുന്നു. കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്– ആത്മാവിന്റെ വലിപ്പം ചിലപ്പോൾ വലുതും ചിലപ്പോൾ ചെറുതും ആകുന്നില്ല. എങ്ങനെ ആത്മാവ് അവിനാശിയാണോ അതുപോലെ പരമാത്മാവും അവിനാശിയാണ്. ബാബ സുപ്രീം സോളാണ്. സുപ്രീം അർത്ഥം സദാ പവിത്രവും നിർവ്വികാരിയും. നിങ്ങൾ ആത്മാക്കളും നിർവ്വികാരികളായിരുന്നു, ലോകവും നിർവ്വികാരീ ലോകമായിരുന്നു. അതിനെയാണ് പറയുന്നത് സമ്പൂർണ്ണ നിർവ്വികാരി, പുതിയ ലോകം പിന്നീട് തീർച്ചയായും പഴയതാകും. കലകൾ കുറഞ്ഞുകൊണ്ടിരിക്കും. രണ്ട് കലകൾ കുറഞ്ഞത് ചന്ദ്രവംശീ രാജ്യത്തിലായിരുന്നു പിന്നീട് ലോകം പഴയതായി മാറുന്നു. പിന്നാലെ മറ്റ് ഖണ്ഢങ്ങൾ വരുന്നു. അതിനെ ഉപകഥ എന്നാണ് പറയുന്നത്, പക്ഷേ പരസ്പരം കലർന്നു പോയി. ഡ്രാമാപ്ലാൻ അനുസരിച്ച് എന്തെല്ലാം സംഭവിക്കുന്നുണ്ടോ അതെല്ലാം തീർച്ചയായും ആവർത്തിക്കും. ബുദ്ധ ധർമ്മത്തിലെ വലിയ ആൾ വന്നു എത്രപേരെ ബുദ്ധധർമ്മത്തിലേയ്ക്ക് കൊണ്ടുപോയി. ധർമ്മത്തെ മാറ്റി. ഹിന്ദുക്കൾ തന്റെ ധർമ്മത്തെ സ്വയം മാറ്റി കാരണം കർമ്മഭ്രഷ്ടരായതിനാൽ ധർമ്മഭ്രഷ്ടരുമായി. വാമമാർഗ്ഗത്തിലേയ്ക്ക് പോയി. ജഗന്നാഥ ക്ഷേത്രത്തിലും പോയിട്ടുണ്ടാകും പക്ഷേ ആരുടേയും ചിന്തയിൽ ഇത് വന്നിട്ടുണ്ടാകില്ല. സ്വയം വികാരിയായതിനാൽ അവരേയും വികാരിയായി കാണിച്ചു. ദേവതകൾ വാമമാർഗ്ഗത്തിലേയ്ക്ക് പോയപ്പോഴാണ് ഇങ്ങനെയായി മാറിയത് എന്ന് മനസ്സിലാക്കുന്നില്ല. ആ സമയത്തെ ചിത്രമാണിത്. ദേവത എന്ന പേര് വളരെ നല്ലതാണ്. ഹിന്ദു എന്നത് ഹിന്ദുസ്ഥാനിലെ പേരാണ്. പിന്നീട് സ്വയംതന്നെ ഹിന്ദുവാണ് എന്ന് പറയാൻ തുടങ്ങി. എത്ര വലിയ തെറ്റാണ് അതിനാലാണ് അച്ഛൻ പറയുന്നത് യദാ യദാഹി ധർമ്മസ്യ.......... ബാബ ഭാരതത്തിലാണ് വരുന്നത്. ഞാൻ ഹിന്ദുസ്ഥാനിലാണ് വരുന്നത് എന്ന് പറയാറില്ല. ഇത് ഭാരതമാണ്, ഹിന്ദുസ്ഥാൻ അഥവാ ഹിന്ദു എന്നത് ധർമ്മമേയല്ല. മുസ്ലീങ്ങളാണ് ഹിന്ദുസ്ഥാൻ എന്ന് പേരു

വെച്ചത്. ഇതും ഡ്രാമയിൽ ഉള്ളതാണ്. നല്ല രീതിയിൽ മനസ്സിലാക്കണം. ഇതും ജ്ഞാനമാണ്. പുനർജന്മം എടുത്ത് എടുത്ത് വാമമാർഗ്ഗത്തിലേയ്ക്ക് വന്നു വന്ന് ഭ്രഷ്ടാചാരിയായി മാറി, പിന്നീട് അവരുടെ മുന്നിൽചെന്ന് പറയുന്നു, അങ്ങ് സമ്പൂർണ്ണ നിർവ്വികാരിയാണ്. ഞങ്ങൾ വികാരികളും പാപികളുമാണ്, ബാക്കി ഒരു ഖണ്ഢത്തിലുള്ളവരും ഇങ്ങനെ പറയില്ല. ഞങ്ങൾ നീചരാണ് അഥവാ ഞങ്ങളിൽ ഒരു ഗുണ വുമില്ല. ഇങ്ങനെ ഒരിയ്ക്കലും പറഞ്ഞ് കേട്ടിട്ടുണ്ടാവില്ല. സിക്കുകാരും ഗ്രന്ഥത്തിനു മുന്നിൽ ഇരിക്കാ റുണ്ട് പക്ഷേ ഇങ്ങനെ ഒരിയ്ക്കലും പറഞ്ഞിട്ടില്ല നാനാക്ക് അങ്ങ് നിർവ്വികാരിയാണ്, ഞങ്ങൾ വികാരിക ളാണ്. നാനാക്കിന്റെ മാർഗ്ഗക്കാർ കങ്കണം മുതലായവ അണിഞ്ഞിരുന്നു, അത് നിർവ്വികാരിയാണ് എന്ന തിന്റെ അടയാളമാണ്. പക്ഷേ വികാരമില്ലാതെ ഇരിക്കാൻ കഴിയുന്നില്ല. അസത്യമായ അടയാളങ്ങൾ വെച്ചി രിക്കുന്നു. എങ്ങനെയാണോ ഹിന്ദുക്കൾ പൂണൂൽ ധരിക്കുന്നത്, അത് പവിത്രതയുടെ അടയാളമാണ്. ഇന്നു കാലത്ത് ധർമ്മത്തെപ്പോലും അംഗീകരിക്കുന്നില്ല. ഈ സമയത്ത് ഭക്തിമാർഗ്ഗമാണ് നടന്നുകൊണ്ടി രിക്കുന്നത്. ഇത് ഭക്തിയുടെ കാലമാണ്. ജ്ഞാനത്തിന്റെ സമയം സത്യയുഗത്തിലാണ്. സത്യയുഗത്തിൽ ദേവതകൾ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു. കലിയുഗത്തിൽ സമ്പൂർണ്ണ നിർവ്വികാരിയായി ആരുമു ണ്ടാകില്ല. പ്രവൃത്തി മാർഗ്ഗത്തിലുള്ളവരുടെ സ്ഥാപന അച്ഛനാണ് ചെയ്യുന്നത്. ബാക്കി എല്ലാവരും ഗുരു വിന്റെ നിവൃത്തി മാർഗ്ഗത്തിലുള്ളവരാണ്, അവർ കാരണം ഗുരുക്കന്മാരുടെ ശക്തി വർദ്ധിച്ചു. അച്ഛൻ പറ യുന്നു നിങ്ങൾ എന്തെല്ലാം പഠിച്ചോ, അതിലൂടെയൊന്നും എന്നെ ലഭിക്കില്ല. ഞാൻ വരുമ്പോൾ എല്ലാവ രേയും ദൃഷ്ടിയിലൂടെ സംതൃപ്തരാക്കുന്നു. ഗുരുസ്വാമി ദൃഷ്ടികൊണ്ട് സംതൃപ്തരാക്കി........ എന്ന് പാട്ടുമുണ്ട്. നിങ്ങൾ ഇവിടേയ്ക്ക് വന്നത് എന്തിനാണ്? സംതൃപ്തരാകാൻ. വിശ്വത്തിന്റെ അധികാരിയാ കാൻ. അച്ഛനെ ഓർമ്മിക്കു എങ്കിൽ സമ്പന്നമായിത്തീരും. ഇങ്ങനെ ഒരിയ്ക്കലും ആരും പറഞ്ഞിട്ടുണ്ടാ കില്ല അതായത് ഇങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങൾ ഇതായി മാറുമെന്ന്. അച്ഛൻ മാത്രമാണ് പറയുന്നത് നിങ്ങൾക്ക് ഇതായി മാറണം. ഈ ലക്ഷ്മീ നാരായണന്മാർ എങ്ങനെയാണ് ഉണ്ടായത്? ആർക്കും അറിയി ല്ല. നിങ്ങൾ കുട്ടികൾക്ക് അച്ഛൻ എല്ലാം പറഞ്ഞുതരുന്നു, നിങ്ങളാണ് 84 ജന്മങ്ങൾ എടുത്ത് പതിതമായി മാറിയത് വീണ്ടും നിങ്ങളെ ഇതാക്കി മാറ്റാൻ ഞാൻ വന്നിരിക്കുകയാണ്.

അച്ഛൻ തന്റെ പരിചയവും നൽകുന്നു ഒപ്പം ദൃഷ്ടികൊണ്ട് സംതൃപ്തരാക്കുകയും ചെയ്യുന്നു. ഇത് ആരെ ക്കുറിച്ചാണ് പറയുന്നത്? ഒരേഒരു സദ്ഗുരുവിനെക്കുറിച്ച്. ഗുരുക്കന്മാർ അനേകമുണ്ട് എന്നാൽ മാതാ ക്കൾ അബലകളും നിഷ്കളങ്കരുമാണ്. നിങ്ങൾ എല്ലാവരും ഭോലാനാഥന്റെ കുട്ടികളാണ്. ശങ്കരനെക്കു റിച്ച് പറയുന്നത് കണ്ണു തുറന്നു ഉടൻ വിനാശമുണ്ടായീ എന്നാണ്. എങ്കിൽ ഇതും പാപമല്ലേ. അച്ഛൻ ഒരി യ്ക്കലും ഇങ്ങനെയുള്ള കാര്യങ്ങൾക്ക് നിർദേശം നൽകില്ല. വിനാശമുണ്ടാകുന്നത് മറ്റെന്തെങ്കിലും വസ്തു ക്കളിലൂടെയായിരിക്കും. അച്ഛൻ ഇങ്ങനെയുള്ള നിർദേശങ്ങൾ നൽകില്ല. ഇങ്ങനെയുള്ളതെല്ലാം ശാസ്ത്രം പുറത്തിറക്കുന്നുണ്ട്, നമ്മൾ നമ്മുടെ കുലത്തിന്റെ വിനാശം ചെയ്യും എന്ന് മനസ്സിലാക്കുന്നു. അവരും അതിൽ ബന്ധിതരാണ്. ഉപേക്ഷിക്കാൻ സാധിക്കില്ല. എത്ര പ്രശസ്തിയാണ്. ചന്ദ്രനിലേയ്ക്ക് പോകുന്നു പക്ഷേ അതുകൊണ്ട് ഒരു ഉപകാരവുമില്ല.

മധുര മധുരമായ കുട്ടികളേ, നിങ്ങളും അച്ഛനിൽ ദൃഷ്ടി വെയ്ക്കു അതായത് അല്ലയോ ആത്മാക്കളേ, തന്റെ അച്ഛനെ ഓർമ്മിക്കു എങ്കിൽ സംതൃപ്തരാകും. ബാബ പറയുന്നു– ആര് എന്നെ ഓർമ്മിക്കുന്നുവോ അവരെ ഞാനും ഓർമ്മിക്കും. ആര് എനിക്കുവേണ്ടി സേവനം ചെയ്യുന്നുവോ അവരെ ഞാനും ഓർമ്മിക്കും അതിനാൽ അവർക്ക് ബലം ലഭിക്കും. നിങ്ങൾ എല്ലാവരും ഇവിടെ ഇരിക്കുന്നുണ്ട് ആര് സംതൃപ്തരാകു ന്നുവോ അവർ രാജാവാകും. എല്ലാ സംഗങ്ങളേയും വെടിഞ്ഞ് ഒരു സംഗത്തിൽ വരൂ എന്ന് പാട്ടുപാടു ന്നു. ആത്മാവും നിരാകാരനാണ്. അച്ഛൻ പറയുന്നു എന്നെ ഓർമ്മിക്കു. നിങ്ങൾ സ്വയം വിളിക്കുന്നു അല്ലയോ പതിതപാവനാ..... ആരെയാണ് വിളിച്ചത്? ബ്രഹ്മാവിനെ, വിഷ്ണുവിനെ അതോ ശങ്കരനെയോ? അല്ല. പതിതപാവനൻ ഒരാളാണ്, അവർ സദാ പാവനമാണ്. അവരെയാണ് സർവ്വശക്തിവാൻ എന്ന് വിളി ക്കുന്നത്. ബാബ മുഴുവൻ ശാസ്ത്രങ്ങളേയും അറിയുന്നു അച്ഛൻ തന്നെയാണ് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നത്. സന്യാസിമാരാണെങ്കിൽ ശാസ്ത്രങ്ങളെല്ലാം പഠിച്ച് ടൈറ്റിൽ നേടുന്നു. അച്ഛനാണെങ്കിൽ നേരത്തേതന്നെ ടൈറ്റിൽ ലഭിച്ചിട്ടുണ്ട്. ബാബയ്ക്ക് പഠിച്ച് ടൈറ്റിൽ നേടേണ്ടതില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

**ധാരണയ്ക്കുള്ള മുഖ്യസാരം–**

1. ജീവിച്ചിരിക്കെ പ്രകാശത്തിൽ മരിച്ചുവീഴുന്ന ശലഭങ്ങളാവണം, കേവലം വട്ടം കറങ്ങുന്നവരാകരുത്. ഈശ്വരീയ പഠിപ്പിന്റെ ധാരണ ചെയ്യുന്നതിനായി ബുദ്ധിയെ സമ്പൂർണ്ണ പാവനമാക്കി മാറ്റണം.

2. മറ്റെല്ലാ സംഗങ്ങളേയും ഉപേക്ഷിച്ച് ഒരേ ഒരു അച്ഛന്റെ സംഗത്തിലിരിക്കണം. ഒരേ ഒരാളുടെ ഓർമ്മയിലൂടെ സ്വയം സംതൃപ്തരാകണം.

## വരദാനം:– ഹൃദയേനയുള്ള തിരിച്ചറിവിലൂടെ ഹൃദയേശ്വരന്റെ ആശീർവാദം പ്രാപ്തമാക്കുന്ന സ്വ പരിവർത്തകരായി ഭവിക്കട്ടെ.

സ്വയത്തെ പരിവർത്തനം നടത്തുന്നതിന് വേണ്ടി സത്യമായ ഹൃദയത്തിലൂടെ രണ്ട് കാര്യങ്ങളുടെ തിരിച്ചറിവ് ആവശ്യമാണ്. ഒന്ന്, തന്റെ ബലഹീനതകളുടെ തിരിച്ചറിവ്. രണ്ട്, ഏത് പരിതസ്ഥിതി അഥവാ വ്യക്തി നിമിത്തമാകുന്നുവോ അവരുടെ ആഗ്രഹങ്ങളും അവരുടെ മനസ്സിലെ ഭാവനകളുടെയും തിരിച്ചറിവ്. പരിസ്ഥിതിയാകുന്ന പേപ്പറിന്റെ കാരണത്തെ അറിഞ്ഞ് സ്വയത്തിന് പാസ്സാകാനുള്ള ശ്രേഷ്ഠ സ്വരൂപത്തിന്റെ തിരിച്ചറിവുണ്ടായിരിക്കണം അതായത് സ്വസ്ഥിതി ശ്രേഷ്ഠമാണ്, പരിസ്ഥിതി പേപ്പറാണ്– ഈ തിരിച്ചറിവ് സഹജമായി പരിവർത്തനം ചെയ്യിപ്പിക്കും, മാത്രമല്ല സത്യമായ ഹൃദയത്തോടെ തിരിച്ചറിഞ്ഞാൽ ഹൃദയേശ്വരന്റെ ആശീർവാദം പ്രാപ്തമാകും.

## സ്ലോഗൻ:– അവകാശികൾ അവരാണ് ആരാണോ എവർറെഡിയായി ഓരോ കാര്യത്തിലും ഞാൻ തയ്യാറാണ് എന്ന് പറയുന്നത്.

.